Talented Bankers Literary Panel
പുസ്തക പരിചയം 192

പുസ്തകം പരിചയപ്പെടുത്തുന്നത്,
വിനു വിജയൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RBO, കൊട്ടാരക്കര.

നോവൽ : പുണ്യതോയ
നോവലിസ്റ്റ് : പ്രതിഭ റായ്
വിവർത്തനം : സരോജിനി ഉണ്ണിത്താൻ

ജ്ഞാന പീഠ പുരസ്‌കാര ജേതാവായ എഴുത്തുകാരി.

1980 കളിലെ സാമൂഹിക പരിതസ്ഥിതിയിൽ നിന്നു കൊണ്ടാണ് നോവൽ ഉരുത്തിരിയുന്നത്. എങ്കിൽ പോലും ഇന്നും നിലനിൽക്കുന്ന അതി സങ്കീർണ്ണമായ സ്ത്രീ സംബന്ധിയായ സാമൂഹിക കാഴ്ചപ്പാടുകളെ പൂർണ്ണമായും വിമർശിക്കുകയും തുറന്നു കാണിക്കുകയും ചെയ്യുന്നുണ്ട് എഴുത്തുകാരി.

വർഷ എന്ന പെൺകുട്ടിയുടെ ജീവിതമാണ് കഥ നിദാനം. ഒറീസ്സയിലെ ഉൾനാടൻ ഗ്രാമത്തിൽ ജനിച്ചു വളർന്ന അതി സുന്ദരിയായ പെൺകുട്ടി. ഉന്നത വിദ്യാഭ്യാസം കൊതിക്കുന്ന വർഷക്ക് പക്ഷെ പെൺകുട്ടി ആണ് എന്ന ഒറ്റക്കാരണത്താൽ സ്നേഹപൂർവ്വം അത് നിഷേധിക്കപ്പെടുന്നു. കുടുംബം എന്ന കെട്ടപ്പാടിൽ പതിദേവനെ അല്ലെങ്കിൽ ഭർത്താവിനെ സേവിച്ചു ജീവിക്കുകയാണ് പെൺകുട്ടിയുടെ ധർമ്മം എന്ന് സമൂഹം പറയുന്നതിനെ സ്വയം വിശ്വസിച്ചു, അതിലേക്കു ഒതുങ്ങുന്ന വർഷ, കല്ലോൽ എന്ന ചെറുപ്പക്കാരനെ വിവാഹം കഴിക്കുന്നു. സ്വപ്ന തുല്യമായ വിവാഹ ജീവിതം ആസ്വദിക്കുന്ന വർഷക്ക് കല്ലോൽ എന്ന പതിയിൽ ജീവിതം സ്വയം ഒതുങ്ങുന്നതിൽ ചാരിതാർഥ്യം തോന്നി.
താൻ ഗർഭിണി ആണ് എന്നത് കല്ലോലിനെ അറിയിക്കാൻ തുടങ്ങുന്ന സമയത്തു കല്ലോലിന്റെ അശ്രദ്ധ കാരണം വർഷയെ കുറച്ചു പേർ തട്ടിക്കൊണ്ടു പോകുന്നു. വർഷയുടെ ജീവിതത്തോടുള്ള സമൂഹത്തോടുള്ള പട വെട്ടലിന്റെ കഥ അവിടെ തുടങ്ങുന്നു.

ബലാത്സംഗം ചെയ്യപ്പെട്ടു, മാനസികമായി തകർന്നു തിരിച്ചെത്തുന്ന വർഷയെ ഉൾകൊള്ളാൻ കല്ലോലിനു കഴിയാതെ പോകുന്നു. സമൂഹം എങ്ങനെ ഒരു പതിതയായ പെണ്ണിനെ നോക്കിക്കാണും എന്നത് കല്ലോലിനെ അസഹിഷ്ണു ആക്കുന്നു. സമൂഹത്തിന്റെ ആകെയുള്ള വിമർശനം ഭയന്ന് വർഷയെ കല്ലോൽ ഉപേക്ഷിക്കുന്നു.

പിന്നീട് അവൾ ചെന്നെത്തുന്ന ഓരോ സ്ഥലങ്ങളിലും സ്ത്രീ

ശരീരങ്ങൾക്കു വിലയിടുക എന്നത് ഓരോ സദ് പ്രവർത്തിയുടെയും സ്ഥാപനത്തിന്റെയും അന്തർലീനമായ ലക്ഷ്യമാണെന്നു അവൾക്കു മനസിലാകുന്നു. തന്റെ ശരീരം തന്റെ ബാധ്യത ആയി മാറുന്ന സ്ത്രീ സമൂഹത്തിന്റെ ഉദാഹരണമായി വർഷ പൊരുതുന്നു. തന്റെ ശരീരത്തിന്, തന്റെ ജീവിതത്തിന്റെ വിലയിട്ടവരെ പോലും വർഷയുടെ അചഞ്ചലമായ മനസിനെ കുലുക്കാൻ ആവുന്നില്ല. വനി എന്ന കുഞ്ഞിന്റെ അമ്മ കൂടിയായ വർഷ അവളെ വളർത്താൻ ജോലി കണ്ടെത്തുന്നു. അവിടെയും ഒടുവിൽ നില നിൽക്കണം എങ്കിൽ ശരീരം ഉപാധിയാക്കണം എന്ന അവസ്ഥ വരുന്നു. എങ്കിലും പകരം നഷ്ടപ്പെടുന്നത് ജോലി ആണെങ്കിലും സാരമില്ല എന്ന നിലപാടെടുത്തു തന്റെ അന്തസത്ത കാക്കുന്ന വർഷ.

നിഷീത് എന്ന സുഹൃത്തിനെ കണ്ടു മുട്ടുന്നതോടു കൂടി തന്റെ പുരുഷനോടുള്ള അമർത്തി വയ്ക്കുന്ന പകയും വിദ്വേഷവും പതുക്കെ പുറത്തേക്കു ഒഴുകുന്നു. എന്നാൽ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന നിഷീത് അതിനെ അതിന്റെതായ അർത്ഥത്തിൽ ഉൾക്കൊള്ളുന്നു. വർഷയും വനിയും നിശീഥിന്റെ ജീവിതത്തിന്റെ തന്നെ ഭാഗമാകുന്നു.

വർഷ എന്ന പെൺകുട്ടി ഉയർത്തുന്ന ചോദ്യങ്ങൾ അനവധി ആണ്. പെൺ ലൈംഗികത ഒരാളിൽ തന്നെ നിക്ഷിപ്തമാവുക ആണെങ്കിൽ അവൾ സമൂഹത്തിനു സ്വീകാര്യ ആവുകയും അതേ സമയം അവൾ തന്റെ കാരണം കൊണ്ടല്ലാതെ പോലും സമൂഹത്തിനു അപ്രിയ ആവുകയും ചെയ്യുന്നു. അതേ അളവിൽ പുരുഷന്മാർ സമൂഹത്തിന്റെ ചിന്തകൾക്ക് പുറത്തും നിൽക്കുന്നു. ലൈംഗികത അളവുകോൽ ആക്കുന്ന സമൂഹം ഇന്നും നില നിൽക്കുന്നില്ല എന്ന് പറയാൻ സാധിക്കാത്തിടത്തോളം കാലം പുണ്യതോയ ഒരു ചോദ്യമായി നില നിൽക്കും. ലൈംഗിക ബന്ധങ്ങളുടെ പവിത്രതയിൽ ഊന്നി ഉള്ള പരിഹാസ്യമായ സാമൂഹിക മനസ്ഥിതി മാറേണ്ടി ഇരിക്കുന്നു. കഥ നടക്കുന്നത് 1980 കളിൽ ആണെങ്കിൽ പോലും എത്രയോ വർഷമാർ നമുക്ക് മുന്നിൽ ഇപ്പോളും സമൂഹത്തിന്റെ പരിഹാസം ഏറ്റു വാങ്ങി ജീവിതം വേഷങ്ങൾ ആടി തീർക്കുന്നു.

സ്ത്രീ പുരുഷ സമത്വം എന്നതല്ല സ്ത്രീ എന്ന ആധാരശിലയിൽ നിന്നാകണം സമൂഹം വിടരേണ്ടതും വളരേണ്ടതും.

താളുകളുടെ എണ്ണം : 286
ഡിസി ബുക്സ്
വില : Rs.230/-